**കേരള സർക്കാർ**

**"ഭരണഭാഷ- മാതൃഭാഷ"**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങളം സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽ നിന്നും 1.5 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.7671/2023/GEDN തീയതി,തിരുവനന്തപുരം, 30-11-2023

---

പരാമർശം:-
1. 27.05.2013 - ലെ സ.ഉ (സാധാ) നമ്പർ. 754/2013/പൊ.മ.വ
2. 03.10.2022 - ലെ സ.ഉ (സാധാ) നമ്പർ. 5748/2022/പൊ.വി.വ
3. 24.04.2023 - ലെ സ.ഉ (സാധാ) നമ്പർ. 3161/2023/ധന
4. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21.12.2022 - ലെ കത്ത് നം. കൈറ്റ് - ഇൻഫ്ര/2022/1798 (10)

**<u>ഉത്തരവ്</u>**

ഏറ്റുമാനൂർ നിയോജകമണ്ഡലം ബഹു. മുൻ എം.എൽ.എ ശ്രീ.സുരേഷ് കുറുപ്പ് അവർകളുടെ 2013 — 14 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ച് " അട്ടിപ്പീടിക - കാരി റോഡ് മെച്ചപ്പെടുത്തി കാർട്ടബിൾ പാലം നിർമ്മാണം" എന്ന പ്രവർത്തി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി പ്രവർത്തി ആരംഭിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയ ഒരു കോടി രൂപ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങളം സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി വിനിയോഗിയ്ക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

(2) പരാമർശം (2) ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള ഒരു കോടി രൂപയും ബഹു. മുൻ എം.എൽ.എ ശ്രീ.സുരേഷ് കുറുപ്പ് , 2018 — 19 വർഷത്തിൽ ആസ്തി വികസന നിധിയിൽ നിന്നും ശുപാർശ ചെയ്തിരുന്ന അൻപത് ലക്ഷം രൂപയും ചേർത്ത്, ആകെ **1,50,00,000/- (ഒരു കോടി അൻപത് ലക്ഷം രൂപ മാത്രം)** രൂപ ആസ്തി വികസന നിധിയിൽ നിന്നും വിനിയോഗിച്ച് മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങളം സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തി നടപ്പാക്കുന്നതിനുള്ള

ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(3) ഏറ്റുമാനൂർ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും ചെങ്ങളം സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 1.5 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം സർക്കാരിനോടപേക്ഷിച്ചിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏറ്റുമാനൂർ നിയോജകമണ്ഡലം 2013 – 14 ആസ്തി വികസന പദ്ധതിയിൽ നിന്നും മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങളം സർക്കാർ സ്കൂൾ കെട്ടിട നിർമ്മാണത്തിന് പരാമർശം ( 2 ) പ്രകാരം ഭരണാനുമതി നൽകിയിരുന്ന ഒരു കോടി രൂപയും മുൻ എം.എൽ.എ ശ്രീ സുരേഷ് കുറുപ്പ് **2018 – 19** വർഷത്തിൽ ആസ്തി വികസന നിധിയിൽ നിന്നും ശുപാർശ ചെയ്തിരുന്ന അൻപത് ലക്ഷം രൂപയും ചേർത്ത്, **ആകെ 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപ** ആസ്തി വികസന നിധിയിൽ നിന്നും വിനിയോഗിച്ച് മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി, ചെങ്ങളം സർക്കാർ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പ്രവർത്തിക്ക് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

1.പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2.ജില്ലാ കളക്ടർ, കോട്ടയം
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
4.ധനകാര്യ വകുപ്പ് ( 18.09.2023 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. Infra-2/48/2018/Fin (Part - I) പ്രകാരം)
5.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6.ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
7.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 30-11-2023 16:23:16

സെക്ഷൻ ഓഫീസർ